"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ട്രാൻസ്ജെൻഡർ ക്ഷേമം - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനത്തിന് ധനസഹായം അനുവദിക്കുന്ന "യത്നം" പദ്ധതി നടപ്പിലാക്കുന്നതിനും പദ്ധതിക്കായി തുക ചെലവഴിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

G.O.(Rt) No.214/2022/SJD തീയതി,തിരുവനന്തപുരം, 30-08-2022

---

പരാമർശം:-
1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 27.05.2022 ലെ എസ്.ജെ.ഡി/5173/2021-സി.3 നമ്പർ കത്ത്.
2. 15.07.2022 ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ യോഗ-നടപടി കുറിപ്പ്.

**ഉത്തരവ്**

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമാക്കി സാമൂഹ്യനീതി വകുപ്പ് മുഖേന നിരവധി ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിവിധ തൊഴിൽ മേഖലകളിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായും, സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കിയും PSC, UPSC, BANK Service, RRB യുജിസി/നെറ്റ്/ ജെ.ആർ.എഫ് , CAT/MAT തുടങ്ങിയ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരിശീലനത്തിനായുള്ള സാമ്പത്തിക സഹായം അനുവദിക്കുന്ന ഒരു പദ്ധതി "യത്നം" എന്ന പേരിൽ നടപ്പിലാക്കുന്നതിനു അനുമതിയും ആയതിലേക്കാവശ്യമായ 6,85,000/-രൂപ (ആറു ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) 2022-2023 സാമ്പത്തിക വർഷത്തെ ട്രാൻസ്ജെൻഡർ ക്ഷേമത്തിനായുള്ള 2235-60-200-64(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 450 ലക്ഷം രൂപയിൽ നിന്ന് അനുവദിക്കണമെന്നും പരാമർശം 1-പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിരുന്നു.

"വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് 6 മാസം വരെയുള്ള പരിശീലനത്തിന് 8,500/- രൂപ വരെയും, പി.എസ്.സി, യു.പി എസ്.സി, ബാങ്കിംഗ് സർവീസ്, യുജിസി/നെറ്റ്,/ജെ ആർ എഫ് , CAT / MAT തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിന് ഒരു വർഷത്തേക്ക് പരമാവധി 40,000/- രൂപയും ധനസഹായം അനുവദിക്കുന്നതാണ്. ഈ രീതിയിൽ 2022-2023 സാമ്പത്തിക വർഷം വിവിധ പരിശീലന ഇനങ്ങൾക്ക് ചുവടെ പറയും പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം

നിജപ്പെടുത്തുന്നതാണ്."

| | |
|---|---|
| 6 മാസം വരെയുള്ള പരിശീലനത്തിന് | 10 വ്യക്തികൾക്ക് * 8500 = 85000/- രൂപ |
| പി എസ് സി, യു പി എസ് സി, ബാങ്കിങ് സർവീസ്, ആർ ആർ ബി | 10 വ്യക്തികൾക്ക് * 40000 = 4,00,000/- രൂപ |
| യു ജി സി/ നെറ്റ്/ ജെ ആർ എഫ് | 5 വ്യക്തികൾക്ക് * 40000 = 2,00,000/- രൂപ |
| ആകെ | 25 വ്യക്തികൾക്ക് 6,85,000/- രൂപ (ആറു ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) |

15.07.2022-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിവിധ തൊഴിൽ മേഖലകളിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായും, സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കിയുള്ള "യത്നം" എന്ന ധനസഹായ പദ്ധതിയ്ക്ക് 6,85,000 രൂപ വിനിയോഗിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനത്തിന് ധനസഹായം അനുവദിക്കുന്ന "യത്നം" പദ്ധതി നടപ്പിലാക്കുന്നതിനും പദ്ധതിക്കായി 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സാമൂഹികനീതി വകുപ്പിന് 2235-60-200-64-(പ്ലാൻ) എന്ന ശീർഷകത്തിൽ ട്രാൻസ്ജെൻഡർ ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള 4,50,00,000/- രൂപയിൽ നിന്നും 6,85,000/-രൂപ (ആറു ലക്ഷത്തി എൺപത്തി അയ്യായിരം രൂപ മാത്രം) ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA S
JOINT SECRETARY

പകർപ്പ് : ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ, ഓഡിറ്റ്),
കേരളം, തിരുവനന്തപുരം
സാമൂഹ്യനീതി (സി) വകുപ്പ് (ടി വകുപ്പിന്റെ 10.08.2022-ലെ സി.2/182
/2022/സാ.നി.വ നമ്പർ അനൗദ്യോഗിക കുറിപ്പിൻ പ്രകാരം)
ധനകാര്യ (വെൽഫെയർ വിങ്) വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Vipin.s.d.
Date: 30-08-2022 11:44:05
സെക്ഷൻ ഓഫീസർ